## അബ്ദുർറഹീം



**സരസമായി** തുടങ്ങി ഗൗരവമായ വിഷയങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ അസാധാരണ വാക്ചാതുരിയുണ്ടായിരുന്ന അബ്ദുർറഹീം സാഹിബ് 47-ാം വയസ്സിൽ അല്ലാഹുവിങ്കലേക്ക് യാത്രയായി. സുബ്ഹിക്ക് ഈയുള്ളവന്റെ വീട്ടിലെ ട്യൂബ് തെളിഞ്ഞില്ലെങ്കിൽ മിസ്ഡ് കോൾ അടിച്ച് ഉണർത്തുന്ന അദ്ദേഹം, മുൻപേ നടന്ന ഹസൻ ബാവാ സാഹിബ്, അസീസ് സാഹിബ്, കാട്ടുമ്പറത്ത് അബ്ദുല്ല സാർ എന്നിവരുടെ വഴിയേ അല്ലാഹുവിങ്കലേക്ക് യാത്ര തിരിച്ചു.

ജനങ്ങൾക്ക് ഏതു സമയത്തും ഓടിയെത്താൻ ഒരിടമായിരുന്നു അദ്ദേഹവും അദ്ദേഹത്തിന്റെ വീടും. ഏതു അർധ രാത്രി മുട്ടി വിളിച്ചാലും ചെറുചിരിയോടെ കതകു തുറന്നുവരുന്ന റഹീം സാഹിബിന്, രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിലും അവരെ ശുശ്രൂഷിക്കുന്നതിലും സന്ദർശിക്കുന്നതിലും അവാച്യമായ ആത്മനിർവൃതിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശാരീരികവും സാമ്പത്തികവുമായ ചെലവിടൽ പരലോകത്ത് ഒരു മുതൽകൂട്ട് ആകണമേയെന്ന് നമുക്ക് പ്രാർഥിക്കാം. വരും തലമുറക്ക് ഒരു മാതൃകയാണ് അദ്ദേഹം. ഇടപാടുകളിലും ഇടപെടലുകളിലും അദ്ദേഹം പരമാവധി സൂക്ഷ്മത പുലർത്തി. ലാലും വർഗീസും അദ്ദേഹത്തിന്റെ ഉറ്റ കുടുംബ സുഹൃത്തുക്കളായിരുന്നു. കുടുംബസമേതമുള്ള അവരുടെ ദൂര യാത്രകൾ കൂട്ടുകാർക്ക് മറക്കാനാവാത്ത ഓർമകളാണ്. അനുകരിക്കാൻ ഒട്ടേറെ ഗുണങ്ങൾ, പ്രവർത്തന രീതികൾ നമുക്കായി അദ്ദേഹം സമ്മാനിച്ചു. ജമാഅത്തെ ഇസ്‌ലാമി നടത്തുന്ന ഡി-അഡിക്ഷൻ ക്യാമ്പിലേക്ക് ആളെ ചേർക്കാൻ യാത്രതിരിച്ച റഹീം സാഹിബ് അതേ യാത്രക്കിടയിൽ മെഡിക്കൽ കോളേജിൽ വെച്ചാണ് അല്ലാഹുവിലേക്ക് യാത്രയായത്...

ആലപ്പുഴയിലെ കാക്കാഴം കാർകുൻ ഹൽഖയിലെ സജീവ പ്രവർത്തകനായിരുന്നു.

**എം. അബ്ദുല്ലാ കുഞ്ഞ് നീർക്കുന്നം**

## മുഹമ്മദ് അനസ്



**അബൂദബിയിലെ** ഒരു ടയർ കമ്പനിയിൽ അക്കൗണ്ടന്റായി ജോലി നോക്കവെ റോഡപകടത്തിൽ, കോഴിക്കോട് ജില്ലയിലെ പൂനൂർ മങ്ങാട് സ്വദേശി മുഹമ്മദ് അനസ് (35) അല്ലാഹുവിങ്കലേക്ക് യാത്രയായി. മുഖത്ത് സദാ പുഞ്ചിരി, ആരെയും ആകർഷിക്കുന്ന സംസാരം, ജീവിതത്തിലുടനീളം സത്യവും നീതിയും കാത്തുസൂക്ഷിച്ച യുവാവ്. സത്യമാണെന്ന് കണ്ട കാര്യം ആരുടെയും മുഖത്തു നോക്കി പറയാൻ മടിയില്ലായിരുന്നു.

പ്രദേശത്തെ ജനങ്ങൾക്ക്, പ്രത്യേകിച്ച് പ്രസ്ഥാന പ്രവർത്തകർക്ക് വലിയൊരു നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാട്.

**കെ.ടി അബ്ദുൽ മജീദ്**

## വടക്കേതിൽ അലവി ഹാജി



**ജമാഅത്തെ** ഇസ്‌ലാമി ആട്ടീരി കാർകുൻ ഹൽഖാ നാസിമും പറപ്പൂർ മലബാർ ഇസ്‌ലാമിക് ട്രസ്റ്റിന്റെ ട്രഷററുമായിരുന്നു വടക്കേതിൽ അലവി ഹാജി. തിരൂർ പോളിടെക്നിക്കിൽ പഠിക്കുമ്പോഴാണ് ജമാഅത്തെ ഇസ്‌ലാമിയുമായി പരിചയപ്പെടുന്നത്. പഠനം കഴിഞ്ഞ് കച്ചവടത്തിലാണ് തൽപരനായത്. പ്രസ്ഥാന പ്രവർത്തനത്തോടൊപ്പം മലബാർ എജുക്കേഷൻ ട്രസ്റ്റിന്റെയും കോട്ടക്കൽ മസ്ജിദുൽ മനാറിന്റെയും ചുമതലകളും വഹിച്ചു.

ഭാര്യ: ഇയ്യാത്തുട്ടി. മക്കൾ: ഫിർദൗസ്, ഫയ്യാസ്, ഫൗസിയ, ഫായിസ, ഉമ്മു സൽമ.

**വി. പോക്കു ഹാജി**

## അബൂബക്കർ



**പുലാമന്തോൾ** കട്ടുപ്പാറ ഹൽഖയിലെ പഴയകാല പ്രവർത്തകൻ അബൂബക്കർ എന്ന പോക്കർക്ക (77) നിര്യാതനായി. സാമൂഹിക സേവന പ്രവർത്തനങ്ങളിലും സ്കോഡ് പ്രവർത്തനങ്ങളിലുമായിരുന്നു കൂടുതൽ താൽപര്യം. അദ്ദേഹത്തിന്റെ ശ്രമഫലമായി ഒന്നിലധികം വീടുകളുടെ അറ്റകുറ്റപ്പണികൾ തീർത്തു കൊടുക്കുകയുണ്ടായി. 1992-ൽ കട്ടുപ്പാറ പള്ളി നിലവിൽ വന്നപ്പോൾ അദ്ദേഹമായിരുന്നു മുഅദ്ദിൻ.

**കെ. മുഹമ്മദ് കുട്ടി**

## എം.കെ മുഹമ്മദ്



**കൊടുങ്ങല്ലൂർ** വെളുത്തകടവ് മുത്തഫിഖ് ഹൽഖയുടെയും ദാറുസ്സലാം ജുമുഅ മസ്ജിദ് കമ്മിറ്റിയുടെയും സജീവ പ്രവർത്തകനായിരുന്നു മതിലകത്ത് വീട്ടിൽ മുഹമ്മദ് (70). വെളുത്തകടവ് കേന്ദ്രീകരിച്ച് ഹൽഖ രൂപീകരിക്കാനും പള്ളിയിൽ ജുമുഅ തുടങ്ങാനും ദാറുസ്സലാം മദ്റസയുടെ പുനർനിർമാണത്തിനും വിലപ്പെട്ട സേവനങ്ങൾ ചെയ്തു.

**മുഹമ്മദ് യൂസുഫ്**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ- ആമീൻ.*